പൊതുജനങ്ങൾക്ക് അവബോധം നൽകിവരുന്നുണ്ട്. ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതും പരിശോധന നടത്തുന്നതും DTPC-കൾ മുഖേനയാണ്. ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ പുതുക്കുന്നതിനുള്ള അപേക്ഷകൾ ക്ലാസിഫിക്കേഷൻ കാലാവധി തീരുന്നതിന് ആറ് മാസം മുമ്പ് സ്വീകരിക്കുന്നതിനുള്ള നടപടി വകുപ്പ് നടപ്പാക്കിവരുന്നു. ഇത് കാലാവധി പുതുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹായകരമാകുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം

16 (*75) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന 2011-ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ഭരണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ നിലപാട് മാറ്റത്തിന്റെ കാരണം വ്യക്തമാക്കുമോ ; നിർദ്ദിഷ്ട ഭരണ സംവിധാനത്തിൽ ക്ഷേത്ര സ്വത്ത് കൈകാര്യം ചെയ്യുന്നതിനും നിധി സൂക്ഷിക്കുന്നതിനും അവലംബിക്കുന്ന രീതി എന്താണെന്ന് വിശദമാക്കാമോ ;

(സി) സർക്കാരും മുൻ രാജകുടുംബവും തമ്മിൽ ഒത്തുകളിക്കുകയാണെന്ന അമിക്കസ് ക്യൂറി റിപ്പോർട്ടിലെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചത് 2011 ജനുവരി 31-നാണ്. ക്ഷേത്ര ഭരണത്തിനായി ഒരു ട്രസ്റ്റോ അല്ലെങ്കിൽ നിയമപരമായ സംവിധാനമോ മൂന്നു മാസങ്ങൾക്കുള്ളിൽ ഏർപ്പെടുത്തണമെന്നായിരുന്നു കോടതി വിധി. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ 2011 ഏപ്രിൽ മാസത്തിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ക്ഷേത്ര ഭരണം ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം ഗുരുവായൂർ ക്ഷേത്ര ഭരണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാവുന്നതാണെന്നും ഇതിനായി നിയമനിർമ്മാണം നടത്താമെന്നും സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ക്ഷേത്രഭരണം സംബന്ധിച്ച ഹൈക്കോടതി വിധിയെ സർക്കാർ സുപ്രീം കോടതിയിൽ എതിർത്തിട്ടില്ല. അതിനാൽ നിലപാട് മാറ്റത്തിന്റെ പ്രശ്നമില്ല. ക്ഷേത്രസ്വത്ത് കൈകാര്യം ചെയ്യുന്ന കാര്യം അപ്രകാരം നിയമിക്കപ്പെടുന്ന ഭരണ സമിതി ഉചിതമായി തീരുമാനിക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അന്തിമവിധിക്ക് അനുസൃതമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(സി) ക്ഷേത്രഭരണ കാര്യങ്ങളെപ്പറ്റിയും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു അമിക്കസ്ക്യൂറിയെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ചിരുന്നു. അമിക്കസ്ക്യൂറി റിപ്പോർട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. അമിക്കസ്ക്യൂറിയുടെ ആക്ഷേപം തികച്ചും അടിസ്ഥാനരഹിതമാണെന്ന് കോടതിയെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാരും രാജകുടുംബവുമായി ഒത്തുകളിച്ചതായി ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുവരെ പരാമർശിച്ചിട്ടില്ല.

ഉൾനാടൻ ജലാശയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ

17 (*76) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയ വിനോദ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly